"ഭരണഭാഷ – മാതൃഭാഷ"

നം: എ 3/55377/2017/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 10/01/2020

പ്രേഷകൻ

**പൊതുവിദ്യാഭ്യാസ ഡയറക്ടർ,**
തിരുവനന്തപുരം.

സ്വീകർത്താവ്

**എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും**

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം – അന്തർജില്ലാ സ്ഥലംമാറ്റം (ഓൺലൈൻ) 2018-19, 2019-20 വർഷങ്ങളിൽ കോടതി ഉത്തരവ് പ്രകാരം സ്റ്റേ ചെയ്ത ലിസ്റ്റുകളിൽ (ഭാഷാ വിഷയങ്ങൾ) സ്ഥലംമാറ്റം അനുവദിക്കുന്നത് – സംബന്ധിച്ച്

സൂചന:-
1) 06/01/2020 ലെ ബഹു. കോടതി ഉത്തരവ് നം. ഒ.എ (ഇ.കെ.എം) 1515/2017
2) 31/12/2018 ലെ ഈ ഓഫീസിലെ സർക്കുലർ നം. എ1/60000/18/ഡി.പി.ഐ
3) 11/07/2019 ലെ ഈ ഓഫീസിലെ സർക്കുലർ നം. എ1/22222/19/ഡി.പി.ഐ

****

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (2), (3) സർക്കുലറുകൾ പ്രകാരം 2018-19, 2019-20 വർഷത്തെ ഓൺലൈൻ അന്തർജില്ലാ സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് ഭാഷാ വിഷയങ്ങളുടെ റാങ്ക്ലിസ്റ്റ് ബഹു. കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം സ്റ്റേ ചെയ്തിരുന്നു. എന്നാൽ സൂചന (1) ലെ ഉത്തരവ് പ്രകാരം ടി ഇടക്കാല ഉത്തരവിലെ സ്റ്റേ നീക്കം ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2018-19, 2019-20 വർഷങ്ങളിലെ റാങ്ക് ലിസ്റ്റ് പ്രകാരമുള്ള ഭാഷാ അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റങ്ങൾ അടിയന്തിരമായി പൂർത്തീകരിച്ച് അതുമൂലം ഉണ്ടാകുന്ന ഒഴിവുകൾ ജനുവരി 15 ന് മുമ്പ് പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്ത് ഇക്കാര്യം ഈ ഓഫീസിനെ അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

**വി.എസ്. ആശാദേവി**
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്:

1. എക്സിക്യൂട്ടീവ് ഡയറക്ടർ കൈറ്റ് – 2018-19, 2019-20 ലെ അന്തർജില്ലാ സ്ഥലംമാറ്റം (ഓൺലൈൻ) റാങ്ക് ലിസ്റ്റ് (ഭാഷാ വിഷയങ്ങളുടെ) പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
2. കരുതൽ ഫയൽ

ബി.ഒ